**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64** **31-01-2024 - ൽ മറുപടിയ്ക്ക്**

**കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു.<br><br>"Promotion of sustainable fisheries and livelihood of Kerala State through artificial reef installation" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. 7.812 കോടി രൂപ കേന്ദ്ര വിഹിതവും 5.208 കോടി രൂപ സംസ്ഥാന വിഹിതവും അടങ്ങുന്നതാണ് പദ്ധതി. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും 2700 കൃത്രിമപ്പാരുകൾ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിക്കുകയും ചെയ്തു. ബാക്കിയുള്ളവ നിക്ഷേപിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 26/05/2023 ലെ സ. ഉ. (സാധാ) 417/2023/മതുവ പ്രകാരം “"Promotion of sustainable fisheries and livelihood of Kerala State through artificila reef installation" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുള്ള കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ള കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ അണ്ടർവാട്ടർ സ്റ്റഡിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം 300 കൃത്രിമപ്പാരു മൊഡ്യൂളുകൾ പൂവാർ, പുതിയതുറ, കരുംകുളം മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിച്ചിരുന്നു. 11 മാസങ്ങൾക്കുശേഷം അണ്ടർവാട്ടർ ഫോട്ടോഗ്രഫി ഉപയോഗിച്ച് പ്രസ്തുത പാരുകളിൽ പഠനം നടത്തുകയും പ്രസ്തുത പ്രദേശത്ത് ചെറുതും വലുതുമായ ചൂര, പാര, വേളാവ്, ബാരക്കുട, കാരൽ, അയല, കണവ, കുന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ കൂടുതലായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായത്തിൽ മത്സ്യസമ്പത്ത് വർദ്ധിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ